എന്താണ് സംഖ്യ കൊടുക്കേണ്ടതെന്ന് തീരുമാനിക്കുന്നതാണ്. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും ഈ കുടുമ്പത്തിന് സംരക്ഷണം കൊടുക്കാനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കുകയും ചെയ്യും.

(25) വടക്കാഞ്ചേരി റെയിൽവേ ക്രോസിൽ ഓവർബ്രിഡ്ജ്

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, തൃശ്ശൂർ-ഷൊർണ്ണൂർ റോഡ് ഏറ്റവും വാഹനത്തിരക്കുള്ള ഒരു പ്രധാനപ്പെട്ട റോഡാണ്. മലപ്പുറം, പാലക്കാട്, കോഴിക്കോട് പ്രദേശങ്ങളിലേക്ക് പോകുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു റോഡാണ് ഇത്. വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിലുള്ള റെയിൽവേ ക്രോസ് കാരണം യാത്രകർക്കുള്ള സൗകര്യത്തിന് വളരെയധികം വിഷമിക്കുകയാണ്. ഇവിടെ ഒരു ഓവർബ്രിഡ്ജ് പണിയുന്നതിന് പത്തു പന്ത്രണ്ടു കൊല്ലങ്ങൾക്കുമുമ്പ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതാണ്. മുൻഗണന നൽകി ഓവർബ്രിഡ്ജ് പണിത് അവിടത്തെ വിഷമം പരിഹരിക്കണമെന്ന് ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു വടക്കാഞ്ചേരി ഓവർബ്രിഡ്ജ് അതിപ്രധാനമായ ഒരു ഓവർബ്രിഡ്ജാണെന്ന് ഗവൺമെൻറിന് അഭിപ്രായമുണ്ട്. ഈ ഓവർബ്രിഡ്ജ് 1971 മുതൽ പണിയുന്നതിനുള്ള തീരുമാനമെടുക്കുകയും കോസ്റ്റ് ഷെയറിങ്ങിന്റെ അടിസ്ഥാനത്തിൽ റെയിൽവേയും കേരളഗവൺമെൻറും പകുതിവീതം തുകയെടുത്ത് ഈ ഓവർബ്രിഡ്ജ് പണിയണമെന്നു തീരുമാനിക്കുകയും ചെയ്തു പക്ഷേ അപ്രോച്ച് റോഡിന് ആവശ്യമുള്ള സ്ഥലം അക്വിസിഷൻ നടപടികൾ ആരംഭിച്ച് കുറെ മുന്നോട്ടു പോയപ്പോൾ ഒരു ലൈൻ തീവണ്ടിപ്പാത ഇരട്ടിപ്പിക്കണമെന്നുള്ളതുകൊണ്ട് പാലത്തിന്റെ ഡിസൈനും വലിപ്പവും വർദ്ധിപ്പിക്കേണ്ടി വന്ന ഒരു സാഹചര്യത്തിൽ റെയിൽവേ തൽക്കാലം ഇത് നിർത്തിവയ്ക്കണമെന്നും ലൈൻ ഇരട്ടിപ്പിച്ചതിനുശേഷമേ ഇതിനേക്കുറിച്ച് ആലോചിക്കാൻ കഴിയൂ എന്നും പറഞ്ഞു. സർ, അതിനെത്തുടർന്ന് ഗവൺമെൻറിന്റെ പ്രയോറിറ്റി ലിസ്റ്റിലും അതുപോലെ ബഡ്ജറ്റിലും ഈ പാലത്തിനുവേണ്ട തുക കുറെ കൊള്ളിച്ചിട്ടുണ്ട്. ഇക്കൊല്ലം ഈ പാലത്തിനുവേണ്ടി 100 രൂപയുടെ ടോക്കൺ പ്രൊവിഷനേ കൊള്ളിച്ചിട്ടുള്ളു. റെയിൽവേയെ സംബന്ധിച്ചിടത്തോളം അവർക്ക് ചില സ്റ്റാന്റേർഡുകളും ഉണ്ട്. ഞാൻ അത് ഈ സഭയിൽതന്നെ മുമ്പു പറഞ്ഞിട്ടുള്ളതാണ്. ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ഇത് നിശ്ചയിക്കുന്നത്. ഒരു ലക്ഷത്തോളം യാത്രക്കാർ ഒരു ദിവസം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന റെയിൽവേ ലൈനുകളിൽ മാത്രമേ മേല്പാലം നിർമ്മിക്കുന്നതിനുവേണ്ടി കോസ്റ്റ് ഷെയറിങ്ങിന്റെ അടിസ്ഥാനത്തിൽ പണം മുടക്കുമെന്ന നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്. എന്തായാലും ഈ പാലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് റെയിൽവേയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായി പണം സർക്കാർ ചെലവാക്കിയുള്ള വ്യവസ്ഥയിലേക്കു പോകാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയാത്ത ഒരു ബുദ്ധിമുട്ട് ഉണ്ട്. കോസ്റ്റ് ഷെയറിന്റെ അടിസ്ഥാനത്തിൽ. റെയിൽവേ തയ്യാറാകുന്നയവസരത്തിൽതന്നെ ഈ പാലത്തിന്റെ പണിയും അപ്രോച്ച് റോഡിന്റെ പണിയും ഏറ്റെടുത്തു നടത്തുന്നതിനു ശ്രമിക്കാം. അതുപോലെതന്നെ ഇതിന്റെ അക്വിസിഷനെ സംബന്ധിച്ചിടത്തോളം ഒരു കേസും ഹൈക്കോടതിയിൽ നിലവിലുണ്ട്. അതുകൊണ്ട് ഇതിന്റെ മുഴുവൻ വിവരങ്ങളും എനിക്ക് പറയാൻ കഴിയുന്നില്ല. കാരണം ഈ ഫയൽ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിലാണ്,

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ഒരു ബുദ്ധിമുട്ടുണ്ട്. സെക്രട്ടേറിയറ്റിൽനിന്നു കിട്ടിയ വിവരങ്ങളാണ് ഞാൻ പറഞ്ഞത്. ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങളിൽ ഒന്നാണ് ഈ പാലം. ഈ പാലം വളരെ വേഗം തീർക്കണമെന്നുള്ളതിൽ ഗവൺമെന്റ് പ്രയോറിറ്റി കൊടുത്തിട്ടുണ്ട്. ഗവൺമെന്റിനും ഇക്കാര്യത്തിൽ ബഹുമാന്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോട് അങ്ങേയറ്റത്തെ താല്പര്യമുണ്ട്. ഇത് കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യാം.

(26) കൊടുങ്ങല്ലൂർ അഴിമുഖത്ത് മണൽത്തിട്ടയിൽ ബോട്ട് ഇടിച്ചതുമൂലമുണ്ടായ മരണം

ശ്രീ. വി. കെ. രാജൻ : സർ, ഞാനും ശ്രീ. എ. വി. താമരാക്ഷനും കൂടി ഇന്നലെ തന്ന ഒരു അടിയന്തിര പ്രമേയത്തിന്റെ വിഷയത്തെ സംബന്ധിച്ചാണ് സംസാരിക്കുന്നത്. സർക്കാരിന്റെ ക്രൂരമായ വിനോദ നടപടികളുടെ ഫലമായി കൊടുങ്ങല്ലൂർ അഴിമുഖത്ത് 51-ാമത്തെ ഒരാൾ ഇന്നലെ മരണപ്പെട്ടു. കഴിഞ്ഞ 4-ാം തീയതി നാലര മണിക്ക് അഴിമുഖത്ത് മണൽത്തിട്ടയിൽ ഒരു മൽസ്യബന്ധന ബോട്ട് വന്ന് ഇടിച്ചു. അങ്ങനെ 56-ാമത്തെ ബോട്ടാണ് അവിടെ തകരുന്നത്. ആ ബോട്ടിൽ നാലുപേർ ഉണ്ടായിരുന്നു. അതിൽ കുന്നുപറമ്പിൽ അയ്യപ്പന്റെ മകൻ പുരുഷൻ എന്നുപറയുന്ന 32 വയസ്സുകാരനാണ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ കുടുംബത്തിലാണെങ്കിൽ രണ്ട് കൊച്ചു കുട്ടികളും ഉണ്ട്. ഞാൻ അത് അവിടെ പോയി കണ്ടതാണു സർ. മന്ത്രി ശ്രീ. പി. കെ. വേലായുധന്റെ മണ്ഡലത്തിലാണ് ഈ സ്ഥലം. അതുപോലെ തന്നെ തണ്ടാശ്ശേരി അച്യുതൻ പിള്ളയുടെ മകൻ വിൽസൻ, പനക്കശ്ശേരി ശ്രീധരന്റെ മകൻ രാമകൃഷ്ണൻ, കോട്ടവാതുക്കൽ വേലുവിന്റെ മകൻ ബാഹുലേയൻ എന്നീ മൂന്നു തൊഴിലാളികളും ഗുരുതരമായ പരിക്കുകളോടെ മുനമ്പം ഗവൺമെന്റ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയാണ്. ഈ സ്ഥലത്ത് ഇതിനകം തന്നെ 51 പേർ മരിച്ചു. കഴിഞ്ഞദിവസം ഞാൻ ഒരു സബ്മിഷനിലൂടെ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചപ്പോഴും അവിടത്തെ മണൽത്തിട്ടയിലിടിച്ച് ഇനിമേൽ അപകട മരണങ്ങളും സംഭവിക്കാതിരിക്കുന്നതിനാവശ്യമായ നടപടികളെല്ലാം ചെയ്യാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതാണ് സർ. എന്നാൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഞാൻ പറയുന്നത് മന്ത്രിമാരുടെ പേരിൽ ഇങ്ങനെ പാവപ്പെട്ട മൽസ്യത്തൊഴിലാളികളും മരണപ്പെടാനിടയായിട്ടുള്ള സാഹചര്യങ്ങളെക്കുറിച്ച് കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നിരവധി നിരവധി തവണ ഈ പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. കഴിഞ്ഞ വർഷം ശ്രീ. എ. വി. താമരാക്ഷൻ ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ച് മന്ത്രി അതിനു മറുപടി പറഞ്ഞതാണു സർ. ഇങ്ങനെ നിരന്തരം അതിനു മറുപടിയല്ലാതെ അഞ്ചു വർഷക്കാലത്തിനിടയിൽ ഒരു നടപടിയും ഈ സ്ഥലത്ത് ആരംഭിച്ചിട്ടില്ല. ഇതിനിടയിലാണ് ഇരുപതോ ഇരുപത്തിരണ്ടോ മരണങ്ങളും ഇവിടെ സംഭവിച്ചത്. ഇത്രയും ക്രൂരമായിട്ടുള്ള ഒരു സംഭവവികാസമുണ്ടായിട്ടുപോലും അതിൽ ഇടപെടുകയോ അതിനാവശ്യമായിട്ടുള്ള പണം നീക്കിവച്ച് സത്വര നടപടികളും സ്വീകരിക്കുകയോ ചെയ്യുന്നില്ല. അവിടെ ഒരു ബോട്ട് മറിഞ്ഞാൽ അത് രക്ഷിക്കാൻ നടപടിയില്ല. കൊച്ചിയിൽനിന്നും കോഴിക്കോടുനിന്നും ആരെങ്കിലും വരണം. കൊച്ചിയിലേക്ക് തൃശ്ശൂർ ജില്ലാകളക്ടർ മുഖാന്തിരം നേവിക്കാരുമായി ബന്ധപ്പെടാൻ ശ്രമിച്ചിട്ടും സാദ്ധ്യമായില്ല. ജഡം ഇപ്പോഴും കിട്ടിയിട്ടില്ല. ഇത്തരം ഒരു സ്ഥിതി അവിടെയുണ്ട്. അത് പരിഗണിച്ചുകൊണ്ട് ഈ മണൽത്തിട്ട നീക്കാനാവശ്യമായ നടപടികളും സ്വീകരിച്ച് അവിടെ ഇനി അപകടമരണമില്ലാതിരിക്കാനാവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly